14. സംഭരണവില കർഷകർക്ക് ലഭ്യമാക്കുക.

15. സംഭരണവില കിലോയ്ക്ക് 100 രൂപയാക്കി വർദ്ധിപ്പിക്കുക.

(ബി) അടയ്ക്കാ സംഭരണത്തിനായി ഇതിനകം 8 കോടി രൂപ കാംപ്കോയ്ക്ക് നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 1.50 കോടി രൂപ സംഭരണം സംബന്ധിച്ച കൃഷിഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് വാങ്ങിയതിനുശേഷം എത്രയും വേഗം നൽകുന്നതാണ്.

കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി

83 (1137) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഫാക്ടറികൾക്ക് ആവശ്യമായ കശുവണ്ടി സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കശുമാവ് കൃഷി ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധമായ നിയമനിർമ്മാണം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കശുമാവിൽ തോട്ടങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിലെ ഭൂപരിധി ഒഴിവാക്കാൻ സംബന്ധിച്ച 1963-ലെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ 81-ാം വകുപ്പിൽ കശുമാവിൽ തോട്ടങ്ങളെ ഉൾക്കൊള്ളിക്കാനും 82-ാം വകുപ്പിൽ കശുമാവ് എസ്റ്റേറ്റ് ആയി മാറ്റുന്നതിന് സാധൂകരണം നൽകാനുമുള്ള നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.

(സി) എത്രയും വേഗം നിയമനിർമ്മാണം നടത്തുന്നതാണ്.

കശുമാവു കൃഷി വികസിപ്പിക്കാൻ നടപടി

84 (1138) ശ്രീ. എ. എ., അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുമാവു കൃഷിയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കശുമാവു കൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) കശുമാവു കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ, കശുമാവു കൃഷി വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി തുടർന്നു നടപ്പാക്കി. ഈ പദ്ധതി പ്രകാരം 2001-2002, 2002-2003 വർഷങ്ങളിൽ മൊത്തം 8500 ഹെക്ടറിൽ കശുമാവുകൃഷി പുനരുദ്ധാരണവും 15000 ഹെക്ടറിൽ സസ്യ സംരക്ഷണ പ്രവർത്തനങ്ങളും നടത്തി. കൂടാതെ കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിനും ഗ്രാഫ്റ്റുകൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുന്നതിനും നടപടിയെടുത്തു. മേൽ പറഞ്ഞവയ്ക്കെല്ലാം കൂടി കശുമാവു വികസന പദ്ധതിപ്രകാരം മൊത്തം 743 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ കശുമാവു കൃഷിയെ ഭൂപരിധി നിയമത്തിൽ നിന്ന് ഒഴിവാക്കാനും തിരുമാനിച്ചിട്ടുണ്ട്.

(ബി) മാക്രോ മാനേജ്മെന്റ് സ്കീമിൽ കശുമാവു കൃഷി വികസനം എന്ന പദ്ധതി കേന്ദ്രാവിഷ്കൃതമാണ്. ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളാണ് 'എ' വിഭാഗത്തിനുള്ള മറുപടിയിൽ വിശദമാക്കിയിരിക്കുന്നത്. 2003-2004-ൽ ഈ പദ്ധതി പ്രകാരം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

	ഘടകം	ഭൗതികം ഹെക്ടർ എണ്ണം	സാമ്പത്തികം ലക്ഷം രൂപ
1.	കശുമാവു കൃഷി വ്യാപനം (പുതിയ തോട്ടങ്ങൾ)	600 ഹെ.	36.00 (ഹെക്ടറൊന്നിന് 6000 രൂപ സബ്സിഡി നൽകുന്നതിന്)
2	കശുമാവു പുനരുദ്ധാരണം	1760 ഹെ.	176.00
3.	സസ്യ സംരക്ഷണം	500 ഹെ.	5.00
4.	സസ്യ സംരക്ഷണ ഉപകരണങ്ങൾ വിതരണം	625 എണ്ണം	5.00
5.	ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ	500 എണ്ണം	12.50
6.	ഗ്രാഫ്റ്റിംഗിൽ പരിശീലനം	50 എണ്ണം	0.50
7.	വേതനം, മറ്റു ചെലവുകൾ	—	15.00
	ആകെ		**250.00**

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഈ വർഷം 600 ഹെക്ടർ സ്ഥലത്ത് കശുമാവു കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പുൽകൃഷി പദ്ധതിക്ക് ചെലവഴിച്ച തുക

85 (1139) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച കൊല്ലം കോസ്റ്റ് (പുൽകൃഷി) പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ പദ്ധതിക്ക് സർക്കാരിൽ നിന്നും എന്തു തുക ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 75 കുടുംബങ്ങൾക്ക് രണ്ടു പശുക്കളടങ്ങുന്ന ഡയറി യൂണിറ്റുകൾ സ്ഥാപിക്കുവാനായി ധനസഹായം നൽകി.

(ബി) 8,42,500 രൂപ ചെലവഴിച്ചു. ഇതിൽ 7,12,500 രൂപ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുവാനായി ധനസഹായം നൽകുന്നതിനും 1,30,000 രൂപ ശമ്പളം നടത്തിപ്പ് ചെലവ് തുടങ്ങിയവയ്ക്കായും ചെലവഴിച്ചു.

മണ്ഡരിബാധ തടയുവാൻ നടപടി

86 (1140) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മണ്ഡരിബാധ തടയുവാൻ കേരള കാർഷിക സർവ്വകലാശാല മുഖേന ഏതെങ്കിലും പദ്ധതി കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കനുവദിച്ച തുകയുടെ കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാത്തതിന്റെ പേരിൽ പ്രസ്തുത പദ്ധതി നിറുത്തൽ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാനും ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾക്ക് തടസ്സമുണ്ടാക്കാതിരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly